## സ്കിമ്മർ ഉപയോഗിച്ച് എ.ടി.എം തട്ടിപ്പ്  മൂന്നു പേർ അറസ്റ്റിൽ

സ്കിമ്മർ ഉപയോഗിച്ച് കോഴിക്കോട് നഗരത്തിലെ എ.ടി.എമ്മുകളിൽ നിന്ന് പണം കവർന്ന സംഭവത്തിൽ മൂന്ന് പേർ അറസ്റ്റിൽ. കാസർകോട് സ്വദേശികളായ അദ്ദുമാൻ, അബ്ബാസ് എന്നിവരും കോഴിക്കോട് കൊളത്തറ താമസിക്കുന്ന ഷാജഹാനുമാണ് അറസ്റ്റിലായത്. കോഴിക്കോട് സൗത്ത് അസ്സിസ്റ്റന്റ് കമ്മീഷണർ കെ.പി. അബ്ദുൽ റസാഖിന്റെ മേൽനോട്ടത്തിലുള്ള സംഘമാണ് പ്രതികളെ പിടികൂടിയത്. സ്കിമ്മർ ഉപയോഗിച്ച് എ.ടി.എം കാർഡുകളുടെ വിശദാംശങ്ങൾ പകർത്തുകയും, കീപാഡിനു മുകളിൽ ഒളിക്യാമറ വച്ച് പിൻ നമ്പർ മനസ്സിലാക്കുകയും ചെയ്ത് ഈ വിവരങ്ങൾ ഉപയോഗിച്ച് വ്യാജ എ.ടി.എം കാർഡുകൾ നിർമ്മിച്ച് പണം പിൻ വലിക്കുകയുമായിരുന്നു പ്രതികളുടെ രീതി.